രീതിയിലുള്ള ചലനങ്ങളുണ്ടാക്കാൻ കഴിയുന്നില്ല. കാരണം അതിനേക്കാൾ വൻപിച്ച തോതിലുള്ള പുറകോട്ടടിയാണ് കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയംമൂലം ഉണ്ടാകുന്നത്. അത് തിരുത്തിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ചെയ്യാൻ കഴിയുന്ന എല്ലാ സഹായങ്ങളും ചെയ്യുന്നുണ്ട്. മേലിലും അത്തരം സമ്മർദ്ദങ്ങളും സമീപനങ്ങളും സ്വീകരിക്കുമെന്നാണ് ബഹുമാനപ്പെട്ട അംഗത്തോടും ഈ സഭയോടും ഗവൺമെന്റിന് അറിയിക്കാനുള്ളത്.

IV സബ്മിഷൻ

(1) കോഴിക്കോട് ജില്ലയിൽ കോടഞ്ചേരിക്കടുത്ത് കണ്ണോത്ത്, സെന്റ് മേരീസ് പള്ളിയിൽ നടന്ന അതിക്രമം

ശ്രീ. സി. മൊയിൻകുട്ടി: സർ, തിരുവമ്പാടി നിയോജകമണ്ഡലത്തിൽ കോടഞ്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കണ്ണോത്ത് സെന്റ് മേരീസ് ചർച്ചിൽ കഴിഞ്ഞ 14-2-2001 ബുധനാഴ്ച രാത്രി ചില സാമൂഹ്യവിരുദ്ധ ശക്തികൾ അതിക്രമിച്ചു കയറി അൾത്താരയും സക്രാരിയും തകർത്ത് കുർബാനയ്ക്ക് ഉപയോഗിക്കുന്ന വിശുദ്ധവസ്ത്രങ്ങൾ മുഴുവൻ നശിപ്പിച്ചനിലയിൽ കണ്ടെത്തിയിരിക്കുകയാണ്. കോടഞ്ചേരി പോലീസ് മോഷണശ്രമവുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തതായി അറിയുന്നു. ഇത് പ്രഥമദൃഷ്ട്യാ മോഷണമാണെന്ന രൂപത്തിൽ കാണാൻ ആർക്കും സാദ്ധ്യമല്ല. വളരെ വില പിടിച്ച സ്വർണ്ണംപൂശിയ പാത്രങ്ങളും അതുപോലെ വൻപിച്ച സംഖ്യ ഉൾക്കൊള്ളുന്ന നേർച്ചപ്പെട്ടിയും ആംപ്ലിഫയറും നിരവധി വിലപിടിപ്പുള്ള വസ്തുക്കളും നഷ്ടപ്പെട്ടതായി കാണാൻ സാധിക്കുന്നില്ല. വളരെ സമാധാനപരമായി സഹവർത്തിത്വം പുലർത്തുന്ന ഒരു പ്രദേശത്ത് ഇതുപോലുള്ള സംഭവം വളരെ ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിക്കുമെന്നുള്ള ഭീതി ആ പ്രദേശത്ത് നിലനിൽക്കുന്നത്. സക്രാരിക്കടുത്തുള്ള ഒരു കിന്റലോളം ഭാരം വരുന്ന സിംഹാസനം താഴെ മറിച്ചിട്ട നിലയിൽ കാണപ്പെട്ടിരിക്കുകയാണ്. പള്ളിയുടെ വാതിൽ തകർത്താണ് അകത്തു കടന്നിട്ടുള്ളത്. പള്ളിവികാരി ഫാദർ ജോസഫ് പുത്തൻപുരയുടെ പരാതിയിൽ കോടഞ്ചേരി പോലീസും താമരശ്ശേരി ഡി.വൈ.എസ്.പി. യും സി.ഐ.യുമൊക്കെ അന്വേഷണം നടത്തിവരികയാണ്. പക്ഷേ ഇതുവരെ ഒരാളെപ്പോലും അറസ്റ്റു ചെയ്തിട്ടില്ല. മാത്രമല്ല ഇത് കേവലം മോഷണമെന്നതിലപ്പുറം വളരെ സമാധാനത്തോടുകൂടി ആളുകൾ ജീവിക്കുന്ന പ്രദേശത്ത് കുഴപ്പങ്ങൾ വിതച്ച് മറ്റെന്തോ മുതലെടുക്കുന്നതിനുള്ള ശ്രമമാണെന്ന് ആ പ്രദേശത്തെ ജനങ്ങൾ സംശയിക്കുന്നു. അതുകൊണ്ട് സമസ്ത ജനവിഭാഗങ്ങളും ഉൾപ്പെട്ട ഹർത്താലുകളും ജാഥയും മറ്റും അവിടെ നടക്കുകയാണ്. വമ്പിച്ച ഒരു പ്രതിക്ഷേധം തന്നെ അവിടെ ഉയരുകയാണ്. അതുകൊണ്ട് വളരെ ഫലപ്രദവും സത്വരവുമായ അന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സ്പീക്കർ സർ, കോഴിക്കോട്, കോടഞ്ചേരിക്കടുത്ത് കണ്ണോത്ത് സെന്റ് മേരീസ് പള്ളിയിൽ 14-2-2001 രാത്രി മോഷണം നടന്നതായി പരാതി കിട്ടി. പള്ളിയുടെ സക്രാരി തകർക്കുകയും അലമാരയുടെ പൂട്ടുകൾ പൊളിക്കുകയും 500 രൂപയും 1500 രൂപ വിലവരുന്ന വാച്ചും മോഷ്ടിച്ചുകൊണ്ടുപോവുകയും ചെയ്തതായി പരാതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് കോടഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം 16/2001 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നു വരുന്നു. വിരലടയാളവിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തുകയും പോലീസ് നായെക്കൊണ്ട് പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണം ഊർജ്ജിതപ്പെടുത്താൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) മാവേലിക്കര താലൂക്കിൽ ഭൂമികുലുക്കത്തിൽ തകർന്ന വീടുകൾക്ക് നഷ്ടപരിഹാരം

ശ്രീ. എം. മുരളി : സർ, എന്റെ മണ്ഡലമായ മാവേലിക്കര താലൂക്കിലെ വള്ളിക്കുന്നം പഞ്ചായത്തിൽ കടുവിനാൽ, കാഞ്ഞിപ്പുഴ, തെക്കേമുറി, കടയ്ക്കൽചന്ത, കടുവങ്കൽ, കാഞ്ഞിരത്തുംമൂട്, പുത്തൻചന്ത എന്നീ പ്രദേശങ്ങളിലും തെക്കേക്കര പഞ്ചായത്തിലെ ചൂരല്ലൂർ പ്രദേശത്തും ഫെബ്രുവരി 17,18,19 എന്നീ ദിവസങ്ങളിലായി പലപ്പോഴായി ഉണ്ടായ ഭൂചലനത്തെത്തുടർന്ന് മുന്നൂറോളം വീടുകൾ വിള്ളലുകൾ വീണ് പൊട്ടിത്തകർന്നിരിക്കുകയാണ്. ചില സ്ഥലങ്ങളിൽ ഭൂമിതന്നെ നെടുകെ പിളർന്ന സംഭവങ്ങളുമുണ്ടായി. ഈ പ്രദേശങ്ങളോടൊപ്പംതന്നെ മാവേലിക്കര താലൂക്കിലെ പന്തളം മണ്ഡലത്തിലെ താമരക്കുളത്തും 17-ാം തീയതി ഭൂചലനമുണ്ടായി. അവിടെയും നാശനഷ്ടങ്ങളുണ്ടായി. മാവേലിക്കര താലൂക്കിലും ആലപ്പുഴ ജില്ലയിലെ പല പ്രദേശങ്ങളിലുമുണ്ടായ ഈ ഭൂമികുലുക്കം റിക്ടർ സ്കെയിലിൽ രേഖപ്പെടുത്തിയിട്ടേയില്ലെന്ന് പറഞ്ഞുകൊണ്ട് ഇതു ഭൂചലനമേയല്ല എന്ന് 'സെസ്സ്'ന്റെ ഡയറക്ടർ പറഞ്ഞിരിക്കുകയാണ്. കളക്ടർക്ക് ഇത് ഭൂചലനമേയല്ല എന്നാണ് 'സെസ്സ്' റിപ്പോർട്ട് നൽകിയത്. സെസ്സ് എന്തുപറഞ്ഞാലും ഈ പ്രദേശത്തെ ജനങ്ങൾ ഭയവിഹ്വലരായി കഴിയുകയാണ്. ഭാഗികമായി തകർന്നിരിക്കുന്ന തങ്ങളുടെ വീടുകൾ സുരക്ഷിതമാണോ എന്ന ആശങ്കയിലാണ് ജനങ്ങൾ. ഈ സ്ഥലം സന്ദർശിക്കാൻ ഇതുവരെ 'സെസ്സ്'ന്റെ ഒരൊറ്റ ഉദ്യോഗസ്ഥൻ പോലും തയ്യാറായിട്ടില്ല. ഒരു പരിശോധനപോലും നടത്താതെയാണ് ഇത് ഭൂചലനമല്ലെന്ന നിഗമനത്തിൽ 'സെസ്സ്' എത്തിയിരിക്കുന്നത്. തകർന്ന വീടുകൾ നന്നാക്കാൻ സർക്കാർ അടിയന്തിരമായ സാമ്പത്തിക സഹായം നൽകണം. ഏതെങ്കിലും വിദഗ്ദ്ധരെക്കൊണ്ട് തകർന്ന വീടുകൾ പരിശോധിച്ച് അതിന്റെ സുരക്ഷ ഉറപ്പുവരുത്തണം. ഇപ്പോൾ അവിടുത്തെ ആളുകൾ വീടിന്റെ അകത്തല്ല കിടക്കുന്നത്. പുറത്താണ് കിടക്കുന്നത്. കാരണം രാത്രിയിൽ, ഭൂചലനമുണ്ടായി ഭാഗികമായി തകർന്ന വീടുകൾ പൂർണ്ണമായും തകർന്നു വീഴുമോ എന്ന് ആളുകൾ ഭയപ്പെടുന്നു. ഇത് കേരളം മുഴുവനുള്ള പ്രതിഭാസം ആണെന്നുപറഞ്ഞ് ഒഴിഞ്ഞുമാറാതെ എന്റെ നിയോജകമണ്ഡലത്തിൽ തകർന്ന വീടുകളിൽ കഴിയുന്ന ജനങ്ങളുടെ ഭയാശങ്കകൾ മാറ്റുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. റവന്യൂ അധികാരികളെയും സാങ്കേതിക വിദഗ്ദ്ധരെയും അങ്ങോട്ട് പറഞ്ഞുവിടണം. അവർ മുഖംതിരിച്ചു നിൽക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായും ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കുകയും വീട് നഷ്ടപ്പെട്ടവർക്ക് അടിയന്തിരമായ സാമ്പത്തിക സഹായം നൽകാൻ റവന്യൂ അധികൃതർക്ക് നിർദ്ദേശം നൽകുകയും വേണം.

LIBRARY ARCHIVES Kerala Legislative Assembly